കേസ് അന്വേഷണം മലമ്പുഴ പോലീസ് സബ് ഇൻസ്പെക്ടർ നടത്തി വരവെ കൂടുതൽ കാര്യക്ഷമമായ അന്വേഷണത്തിനുവേണ്ടി ജില്ലാ ക്രൈംബ്രാഞ്ചിന് വിട്ടുകൊടുക്കുകയുണ്ടായി മരണപ്പെട്ട അനീഷിന്റെ ഭാര്യ ഷൈനി, മാതാവ് ശാന്തകുമാരി, പിതാവ് കുമാരൻ, സഹപ്രവർത്തകനായ രതീഷ് തുടങ്ങിയവരുടെ മൊഴി രേഖപ്പെടുത്തി അന്വേഷണം നടത്തിയതിൽ സ്ക്കൂളിലുണ്ടായ ചില പ്രശ്നങ്ങളുടെ പേരിൽ അനീഷിനെ സസ്പെൻഡ് ചെയ്യുകയും തുടർന്ന് ഡി.ഡി.ഇ. യുടെ ഉത്തരവുപ്രകാരം 30-5-2014-ൽ സർവ്വീസിൽനിന്ന് പിരിച്ചുവിടുകയും ചെയ്ത മനോവിഷമത്തിലാണ് അനീഷ് ആത്മഹത്യ ചെയ്തതെന്ന് മേൽപ്പറഞ്ഞവർ മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ സി.ആർ.പി.സി. 174 ഭേദഗതി ചെയ്ത് ഐ.പി.സി. 306, 34 എന്നീ വകുപ്പുകൾ ചേർത്ത് അന്വേഷിച്ചുകൊണ്ട് 18-6-2014-ൽ ബഹുമാനപ്പെട്ട കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്.

(11) ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ ട്രേഡ് കോഴ്സ്

<u>ശ്രീ. എ. റ്റി. ജോർജ്</u>: സർ, ഐ.ടി.ഐ.-കളിൽ പഠിപ്പിച്ചുവരുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡ് കേരള പി.എസ്.സി. അംഗീകരിക്കാത്തതിനെ സംബന്ധിച്ചും ജോലി സാധ്യതയുള്ള പ്രസ്തുത ട്രേഡ് കേരളത്തിൽ നിർത്തുവാനുള്ള നീക്കം ഒഴിവാക്കണമെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനുമാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ദേശീയ തലത്തിലും സംസ്ഥാനങ്ങളിലും കേന്ദ്ര ഗവൺമെന്റ് വകുപ്പുകളിലും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലും വിവിധ സ്വകാര്യ മേഖലകളിലും വളരെയധികം തൊഴിൽ സാധ്യതയുള്ള ഒരു കോഴ്സാണ് ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡ്. കേന്ദ്ര തൊഴിൽ വകുപ്പിലും നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിനും ഉത്തമബോധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ 2008 മുതൽ തൊഴിൽ സാധ്യതയുള്ള ആധുനിക ട്രേഡുകളുടെ കൂട്ടത്തിൽ പ്രാധാന്യം നൽകി എൻ.സി.വി.റ്റി. യുടെയും എസ്.സി.വി.റ്റി. യുടെയും നേതൃത്വത്തിൽ നടത്തിവരുന്ന ഒരു വർഷത്തെ ദൈർഘ്യമുള്ള കോഴ്സാണിത്. കേന്ദ്ര ഗവൺമെന്റിന്റെ വിവിധ വകുപ്പുകളും റെയിൽവേ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളും വിവിധ സംസ്ഥാനങ്ങളിൽ പി.എസ്.സി.-കളും ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡിനെ അംഗീകരിക്കുകയും തൊഴിൽ നൽകിവരികയുമാണ്. പഞ്ചായത്ത് വകുപ്പിലെ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയ്ക്കും ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയ്ക്കും മറ്റു സമാന വകുപ്പുകളിലെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയ്ക്കും എച്ച്.എസ്.ഐ. ട്രേഡ് സർട്ടിഫിക്കറ്റ് യോഗ്യതയാക്കാവുന്നതാണെന്ന് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആയതിനാൽ എച്ച്.എസ്.ഐ. ടേഡ് കേരളത്തിൽ നിർത്തലാക്കുവാനുള്ള വകുപ്പ സെക്രട്ടറിയുടെ നിർദ്ദേശം പുനഃപരിശോധിക്കുകയും മറ്റ് സംസ്ഥാനങ്ങളെപ്പോലെ കേരള പി.എസ്.സി.-യും എച്ച്.എസ്.ഐ. ടേഡിനെ അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ളതാണ്. പക്ഷെ നിർഭാഗ്യവശാൽ എൻ.സി.വി.റ്റി. അംഗീകരിച്ച് നമ്മൾ നടത്തുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് ഒരു വർഷത്തെ കോഴ്സാണ്. ഹെൽത്ത് ഡിപ്പാർട്ടുമെന്റ് ഇതിന്റെ രണ്ടുവർഷത്തെ കോഴ്സാണ് നടത്തുന്നത്. അതുകൊണ്ടുതന്നെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II എന്ന തസ്തികയിലേയ്ക്ക് ഒരു വർഷത്തെ കോഴ്സ് പര്യാപ്തമല്ല എന്ന നിലപാടാണ് ഹെൽത്ത് ഡിപ്പാർട്ടുമെന്റ് എടുത്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വരെ ഈ വിഷയത്തിൽ ഒരു ഘട്ടത്തിൽ ഇടപെട്ടതാണ്. ഒരു വർഷത്തെ കോഴ്സ് പര്യാപ്തമല്ല എന്ന ഹെൽത്ത് ഡിപ്പാർട്ടുമെന്റ് നിലപാടുകൊണ്ടാണ് ഈ കോഴ്സ് പാസാകുന്നവർക്ക് ജോലി ലഭിക്കാത്ത സാഹചര്യമുള്ളത്. ഞാൻ ഹെൽത്ത് ഡിപ്പാർട്ടുമെന്റിനെ കുറ്റം പറയുന്നതല്ല. അവർ പറയുന്നത് അനാട്ടമി അടക്കമുള്ള വിഷയങ്ങൾ ഈ ഒരു വർഷത്തെ കോഴ്സിൽ പ്രതിപാദിക്കുന്നില്ലെന്നാണ്. അതുപോലെ തന്നെ പഞ്ചായത്ത് വകുപ്പുമായി ടേക്ക്അപ് ചെയ്തപ്പോഴും അവരും അനുകൂലമായ നിലപാട് കൈക്കൊള്ളാത്ത പശ്ചാത്തലത്തിൽ പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് യാതൊരു ജോലി സാധ്യതയുമില്ലായെന്ന് കണ്ടതുകൊണ്ടാണ് അത് നിർത്തലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഏതെങ്കിലും തരത്തിൽ ഇതിന് മാറ്റം വരുന്നപക്ഷം ഇവർക്ക് സർക്കാർ മേഖലയിൽ തൊഴിൽ ലഭിക്കുന്ന സാഹചര്യം ഉണ്ടാകുന്നപക്ഷം തീർച്ചയായും ഇക്കാര്യം പുനഃപരിശോധിക്കാവുന്നതാണ്. ഇപ്പോഴത്തെ നിലയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിൽ യാതൊരു അർത്ഥവുമില്ലാത്തതുകൊണ്ടാണ് ആ കോഴ്സ് നിർത്തലാക്കിയിരിക്കുന്നത്.

12.00 Noon]

(12) ഇരുമ്പുരുക്ക് കമ്പനി തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എം. ഹംസ: സർ, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ധാരാളം ഇരുമ്പുരുക്ക് വ്യവസായങ്ങളുണ്ട്. ആ ഇരുമ്പുരുക്ക് വ്യവസായസ്ഥാപനങ്ങളിൽ നടക്കുന്നത് മനുഷ്യാവകാശത്തിന്റെ ധ്വംസനമാണ്. അവിടെ പണിയെടുക്കുന്ന ആയിരങ്ങൾക്ക് മനുഷ്യരെന്നുള്ള പരിഗണന പോലും ലഭിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ അവിടെ സബ്ജക്ട് കമ്മിറ്റി വിസിറ്റ് ചെയ്തപ്പോൾ ബഹുമാനപ്പെട്ട മന്ത്രിക്ക് തന്നെ അക്കാര്യം ബോദ്ധ്യപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly